പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2665

10/07/2015 -ൽ
മറുപടിയ്ക്ക്

**ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ.കെ.സി..ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസിയിൽ കണ്ണൂർ ജില്ലയിലെ പട്ടുവം, കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഭൂമിശാസ്ത്രപരമായ പ്രത്യേകത കണക്കിലെടുത്ത് പ്രസ്തുത പഞ്ചായത്തുകളെ 'ഹാഡ'യിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസിയുടെ പ്രവർത്തന പരിധിയിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ തളിപ്പറമ്പ ബ്ലോക്കിലെ പട്ടുവം ഗ്രാമ പഞ്ചായത്ത് ഉൾപ്പെടുന്നുണ്ട്. എന്നാൽ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമ പഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ കുറഞ്ഞത് 25% എങ്കിലും പ്രദേശം 800 മീറ്റർ കോണ്ടൂറിന് മുകളിൽ വരികയോ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമാവുകയോ ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ ഹാഡയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയുള്ളു. |

Bijumon

സെക്ഷൻ ഓഫീസർ